# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയവന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8/987/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/09/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8/987/2021 തീയ്യതി: 13/09/2021

## എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 15-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ്.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 15-07-2021 | 17-07-2021 |
| ശ്രീ കെ.എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.സി ജ്യോതിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രശോഭൻ കെ.എം ഓഡിറ്റ് ഓഫീസർ (15.7.21 മുതൽ 19.7.21 വരെ)
ശ്രീമതി. ടെസ്സി.എം ഓഡിറ്റ് ഓഫീസർ (21.7.21 മുതൽ 29.7.21 വരെ)
ശ്രീമതി. ശ്രീജ ഉണ്ണികൃഷ്ണൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രവീൺ വി.എൻ ഓഡിറ്റർ
ശ്രീമതി. സ്വപ്ന വി ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഷാഫി വി.എം ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റെബി ജോസ് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി. സുറുമി അജീഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ജയരാജ് പി.എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സിബി കൊന്താലം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ആര്യ സി ഉണ്ണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷാന്റി ഡേവിഡ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ. ബോബിപോൾ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 06-03-2021 |
| ഡോ. വിക്ടോ ജുബിൻ | വെറ്ററിനറി സർജ്ജൻ | 07-03-2021 | 31-03-2021 |
| ശ്രീ ബോസ് മത്തായി | കൃഷി ഓഫീസർ | 01-04-2020 | 15-03-2021 |
| ശ്രീമതി. അഞ്ജുപോൾ | കൃഷി ഓഫീസർ | 16-03-2021 | 31-03-2021 |
| ഡോ. റോബിൻ കെ ജോസഫ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 17-02-2021 |
| ഡോ. മഞ്ജു | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 18-02-2021 | 31-03-2021 |
| ഡോ ശിവപ്രിയ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| | | 01-04-2020 | 15-06-2020 |

| | | | |
|---|---|---|---|
| ശ്രീ.ആൽബി ജോർജ്ജ് | വി.ഇ.ഒ, കാലാമ്പൂർ | | |
| ശ്രീ. ദിലീപ്കുമാർ | വി.ഇ.ഒ, കാലാമ്പൂർ | 16-06-2020 | 05-07-2020 |
| ശ്രീ. മുഹമ്മദ് സാലിഹ് | വി.ഇ.ഒ, കാലാമ്പൂർ | 06-07-2020 | 03-11-2020 |
| ശ്രീമതി ജാൻസി പൗലോസ് | വി.ഇ.ഒ, കാലാമ്പൂർ | 11-11-2020 | 31-03-2021 |
| ശ്രീ.ആൽബി ജോർജ്ജ് | വി.ഇ.ഒ, ഏനാനല്ലൂർ (ഇൻ ചാർജ്ജ്) | 01-04-2020 | 15-06-2020 |
| ശ്രീ. ദിലീപ്കുമാർ | വി.ഇ.ഒ, ഏനാനല്ലൂർ (ഇൻ ചാർജ്ജ്) | 16-06-2020 | 21-06-2020 |
| ശ്രീ. അഭിറാം കെ | വി.ഇ.ഒ, ഏനാനല്ലൂർ | 22-06-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു വി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ശ്രീമതി ഗിലുഷിൽ തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| ശ്രീമതി. ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

4.11.2020 മതൽ 10.11.2020 വരെ വി.ഇ.ഒ കാലാമ്പൂർ ഒഴിവ്

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 23-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-1 |
| 2 | ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 23-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-5 |
| 7 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി<br>Written By: Tessy (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Tessy (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-8 |
| 10 | ക്യാഷ് പരിശോധന<br>Written By: Swapna.V (Auditor, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Prasobhan.K.M (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-11 |
| 13 | വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക തുക നൽകാനുള്ളത് ക്രമപ്പെടുത്തണം<br>Written By: Tessy (Audit Officer, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-12 |
| 14 | വിവരാവകാശ നിയമം-അപേക്ഷകളുടെ തീർപ്പ്<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-14 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ<br>Written By: Swapna.V (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-15 |

| | | |
|---|---|---|
| 17 | ദുരിതാശ്വാസനിധി പ്രവർത്തനരഹിതം<br>Written By: Praveen V.N (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-16 |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽകൂട്ടുന്നില്ല<br>Written By: Swapna.V (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-17 |
| 19 | ആയുർവ്വേദ ഡിസ്പെൻസറി-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Praveen V.N (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-18 |
| 20 | പേരമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ<br>Written By: Praveen V.N (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-19 |
| 21 | മുൻകൂർ ഇനത്തിൽ നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-20 |
| 22 | ലൈഫ് ഭവനപദ്ധതി-ഭവന നിർമാണം ആരംഭിച്ചിട്ടില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-21 |
| 23 | കന്നുകുട്ടി പരിപാലനം-പ്രൊജക്ട് നിർവ്വഹണം ഊർജിതപ്പെടുത്തേണ്ടതാണ്<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-22 |
| 24 | ജനകീയ ഭവനപദ്ധതി -ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ഉപയോഗം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-23 |
| 25 | ജോയിന്റ് വെഞ്ചർ അക്കൗണ്ടിന് പകരം തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു<br>Written By: Tessy (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-24 |
| 26 | കാലിവീപ്പയുടെ വില ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-25 |
| 27 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-26 |
| 28 | പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ സ്ഥിരനിക്ഷേപമാക്കി<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 18-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 06-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 13,99,82,000/- | 14,05,34,425/- |
| വാർഷിക കണക്ക് പ്രകാരം | 6,49,27,850/- | 7,41,81,418/- |

### 1-1-1 ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ്, ചെലവ് എന്നിവ യഥാക്രമം 13,99,82,000/-രൂപയും 14,05,34,425/-രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ്-ചെലവുകൾ യഥാക്രമം 6,49,27,850/-രൂപ, 7,41,81,418/- എന്നിങ്ങനെ മാത്രമാണ്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതരത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 29.06.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഭാഗം 4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 11605500 | 11605500 | 11605500 | 00 |
| വികസന ഫണ്ട്-എസ്.സി.പി | 00 | 3019745 | 3019745 | 3000364 | 19381 (Lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | 00 | 190000 | 190000 | 70000 | 120000 (Lapsed) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 00 | 7931099 | 7931099 | 6179971 | (1751128 Lapsed) |
| ധനകാര്യകമ്മീഷൻ (Tied Grant) | 00 | 4530000 | 4530000 | 3541171 | 988829 (Lapsed) |
| മെയിന്റനൻസ്, റോഡ് | 00 | 8362000 | 8362000 | 8362000 | 00 |
| മെയിന്റനൻസ്-റോഡിതരം | 00 | 3456681 | 3456681 | 3456681 | 00 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 202025 | 485050 | 687075 | 646294 | 40781 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 326700 | 1895117 | 2221817 | 860750 | 1361067 |
| ടോട്ടൽ | 537162 | 00 | 537162 | 41779 | 495383 |

| | | | | | |
|---|---|---|---|---|---|
| സാനിട്ടേഷൻ | (425177+ 111985) | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ,മറ്റ് ഗ്രാന്റുകൾ | | | | | |
| ഖരമാലിന്യ സംസ്കരണം | 1200000 | 140000 | 1340000 | 1335409 | 4591 |
| ലിറ്ററസി | 37138 | 00 | 37138 | 00 | 37138 |
| ലൈഫ് സംസ്ഥാന വിഹിതം | | | | | |

വികസനഫണ്ട് ജനറൽ ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്ത 1446635/- രൂപയുടെ വരവ് ചെലവ് വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 187 | 111559051 | 165 | 49591263 | 00 | 22 | 88.23 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13992320 |
| വരവ് | 64927850 |
| ആകെ | 78920170 |
| ചെലവ് | 74181418 |
| നീക്കിയിരിപ്പ് | 4738752 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 83222 | 207070 | 290292 | 194032 | 96260 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 22164425 | 22164425 | 22164425 | 00 |
| ആകെ | 83222 | 22371495 | 22454717 | 22358457 | 96260 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 3965800 | 257 |
| വിധവാപെൻഷൻ | 9652700 | 626 |
| വാർദ്ധക്യകാല പെൻഷൻ | 21892100 | 1374 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3781600 | 242 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 555400 | 34 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 00 | 00 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.7.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1395/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കുന്നതിനായി വിവിധ ഇടപാടുകാർക്ക് നൽകുന്ന ചെക്കുകൾ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി ആണോ നൽകുന്നത് എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി ( നം.8 ) നൽകിയിരുന്നു. നിലവിൽ ചെക്കുകൾ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി അല്ല നൽകുന്നതെന്നും ഭാവിയിൽ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി നൽകാമെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ബിനാമി ഇടപാടുകളുടെ അപകടസാധ്യത ഒഴിവാക്കുന്നതിന് പണമിടപാടുകളിൽ ബാങ്കിംഗ് നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഓഡിറ്റ് ഇംപാക്ട്

1) 2020-21 സാമ്പത്തിക വർഷം ലൈസൻസ് ഫീസ്, തൊഴിൽ നികുതി, ക്രമ വത്കരണ ഫീസ് എന്നീയിനങ്ങളിൽ തുക ഈടാക്കിയതിലുണ്ടായ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി

(നം.2/20.7.21)നൽകിയതിനെ തുടർന്ന് ചുവടെ ചേർത്തിരിക്കുന്ന വിധം 5264/- രൂപ ഈടാക്കി.

ലൈസൻസ് ഫീ ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/വാർഡ്/ കെട്ടിടനം | ഈടാക്കിയ നികുതി | രസീത് നം/തീയതി |
|---|---|---|---|
| 1 | അനസ്.കെ.കെ I 297A | 500/- | 121050100516/ 23.7.21 |
| 2 | റോബിൻസൺ.കെ.എ II/390 | 1000/- | 121050100526/ 26.7.21 |
| 3 | സുനിൽകുമാർ .ഇ.എൻ IX/353A | 200/- | 121050100524/ 26.7.21 |
| 4 | എ.ഒ വർക്കി, IX/562 | 200/- | 121050100554/29.7.21 |
| ആകെ ഈടാക്കിയത് | | 1900/- | |

2) തൊഴിൽ നികുതി ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ നികുതി | രസീത് നം/തീയതി |
|---|---|---|---|
| 1 | ടി.എസ് സിനിമോൾ,എസ്.എൻ യു.പി സ്കൂൾ ആയവന (1ാം അർദ്ധവർഷം) | 250/- | 121050100453/19.7.21 |
| 2 | ക്രിയേറ്റീവ് സൊല്യൂഷൻസ് ഡിസൈനിംഗ്(20-21 Full) | 480/- | 121050100519/ 23.7.21 |
| 3 | വുഡ് ലാൻഡ് ടിമ്പർ ഇൻഡസ്ട്രീസ് (20-21 Full) | 1920/- | 121050100539/ 28.7.21 |
| ആകെ ഈടാക്കിയത് | | 2650/- | |

3) അനധികൃത കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിടനം | ഈടാക്കിയ നികുതി | രസീത് നം/ തീയതി |
|---|---|---|---|
| 1 | 9/20A | 124/- | 121050100550/ 29.7.21 |
| 2 | 12/376B | 137/- | 121050100549/ 29.7.21 |
| 3 | 13/160A | 113/- | 121050100548/ 29.7.21 |
| 4 | 2/206A | 340/- | 121050100534/ 27.7.21 |
| ആകെ ഈടാക്കിയത് | | 714/- | |

## <u>1-12 വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക തുക നൽകാനുള്ളത് ക്രമപ്പെടുത്തണം</u>

വാട്ടർ അതോറിറ്റിയുടെ 31-1-2020 – ലെ നമ്പർ 40059 ബില്ല് പ്രകാരം 2020 ജനുവരി മാസത്തിലെ വെള്ളക്കരം ഡിമാന്റ് തുക 66,65,243 രൂപയാണ്. 31-12-2019 – ൽ മുൻകാല കടിശ്ശികയായി 6400567 രൂപയും പിഴപ്പലിശ 125551 രൂപയും ജനുവരി മാസത്തിലെ ബിൽ തുക 139125 രൂപയും ഉൾപ്പെടെയാണ് ഇപ്രകാരം ഡിമാന്റ് തുക കണക്കാക്കിയിരിക്കുന്നത്.

പഞ്ചായത്തിന്റെ വെള്ളക്കരം കടിശ്ശിക 31-3-2019 - ൽ 39822 രൂപ മാത്രമാണെന്നും 2009-10 മുതൽ 2013 – 14 വരെ പഞ്ചായത്തിന് അനുവദിച്ചിരുന്ന ജനറൽ പർപസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, വികസന ഫണ്ട് എന്നിവയുടെ പല അലോട്ട്മെന്റുകളിൽ നിന്നും വെള്ളക്കരം കടിശ്ശിക ഈടാക്കിയിട്ടുള്ളതാണെന്നും

ആയതിനാൽ കുടിശ്ശിക തുക തീർന്ന് ബാക്കി തുക മുൻകൂർ ആയി വാട്ടർ അതോറിറ്റിയിൽ ഉള്ളപ്പോഴും കുടിശ്ശിക തുക ചേർത്തുള്ള ഡിമാന്റ് നോട്ടീസ് ആണ് ലഭിക്കുന്നതെന്നും ഉള്ള വസ്തുതകൾ കാണിച്ച് പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മുഖേന പഞ്ചായത്ത് ഡയറക്ടർക്കും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കും അപേക്ഷ നൽകിയിരുന്നു.

വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 23.7.2019 – ലെ KWA/HO/RMC/R-6/166/18/II നമ്പർ കത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരവും പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽനിന്നും കുറവ് ചെയ്തത് പ്രകാരവും ഇനി വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള ബാക്കി തുക 204615 രൂപയാണെന്നും ആയത് അടവാക്കുന്ന മുറക്ക് കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതാണെന്നും പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

എന്നാൽ മാനേജിംഗ് ഡയറക്ടറുടെ ഈ കത്ത് ലഭിച്ചതിനു ശേഷവും 31-1-2020 – ലെ വെള്ളക്കരം ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശ്ശിക തുക ഉൾപ്പെടെയാണ് മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തുക കണക്കാക്കിയിരിക്കുന്നത്.

പഞ്ചായത്തിൽനിന്നും അടവാക്കിയ മുഴുവൻ തുകകളും കണക്കിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയിൽ അധികമായി അടവാക്കിയിരിക്കുന്ന തുക ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റി മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തു നൽകാൻ 4.10.2019 – ൽ 5 -ാം നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഇപ്രകാരം ഒരു സംയുക്ത പരിശോധന ഇതുവരെയും നടന്നിട്ടില്ല.

സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കണക്കാക്കേണ്ടതും അതനുസരിച്ച് ബിൽ തുകകൾ ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 വിവരാവകാശ നിയമം-അപേക്ഷകളുടെ തീർപ്പ്

വിവരാവകാശ നിയമം-2005 പ്രകാരം 2020-21 വർഷം ആകെ ലഭിച്ച 51 അപേക്ഷകൾക്കും സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി വിവരാവകാശ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

## 1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 1994,വകുപ്പ് 204). ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം.4,5 /20-21 | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മൈബീ അഗ്രോപ്രോഡക്ട്സ് (രണ്ട് അർദ്ധവർഷത്തെയും) | 69/20-21 | 2 |
| 2 | ഫോർച്യൂൺ സിറ ഇന്റീരിയേഴ്സ്,ആയവന (രണ്ട് അർദ്ധവർഷത്തെയും) | 13/20-21 | 10 |
| 3 | ഹോട്ടൽ സഫ (രണ്ട് അർദ്ധവർഷത്തെയും) | 95/20-21 | 3 |
| 4 | അപ്പു ഗ്രാനൈറ്റ്സ് | 4,5 /20-21 | 29 (2020-21 ഒന്നാം അർദ്ധവർഷം 11 ജീവനക്കാരുടേയും |

| | | | |
|---|---|---|---|
| | | | രണ്ടാം അർദ്ധവർഷം 3 ജീവനക്കാരുടേയും തൊഴിൽനികുതി യഥാക്രമം 600/120050103117 തീ.4.3.21,3600/ 120050100868 തീ.24.9.20 പ്രകാരം ഈടാക്കിയിട്ടുണ്ട്. |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.1/20.7.2021) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക അടവാക്കി രേഖകൾഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും പഞ്ചായത്തിലെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയും അതിൽ നിർദേശിച്ചിട്ടുള്ള ഉപാധികൾക്ക് അനുസൃതമല്ലാതെയും ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രിക ശക്തിയോ വിദ്യുത്ച്ഛക്തിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ പ്രവൃത്തിസ്ഥലമോ നിർമ്മിക്കുകയോ ആയതിനുള്ള മേൽപ്പറഞ്ഞ യന്ത്രങ്ങൾ സ്ഥാപിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232,232(1),233)

1) ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര് / വാർഡ് നം/കെട്ടിടനം. | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | സി.ഇ ഇബ്രാഹിം, ചാക്കാപ്പിള്ളിൽ, I/517B | പ്രൊവിഷൻ സ്റ്റോർ |
| 2 | മജീദ്,കാണിച്ചാട്ട്, I/502 | പ്രൊവിഷൻ സ്റ്റോർ |
| 3 | അബ്ദുൾ സമദ്,പുഴക്കരയിൽ, I/520 | ബേക്കറി, കൂൾബാർ |
| 4 | ഷിഫ,മുടക്കരിപുത്തൻപുര, I/519 | സ്വീറ്റ്സ്,ബിസ്ക്കറ്റ് ഹോൾസെയിൽ |
| 5 | ബിയാട്രൈസ് ഡൊമനിക്, II/579 | ടെക്സ്റ്റൈൽ സ്റ്റിച്ചിംഗ് ഷോപ്പ് |
| 6 | നജീബ്. വി.എം II/499A | പ്രൊവിഷൻ, സ്റ്റേഷനറി |
| 7 | സി.എസ് സത്യൻ , ചാലുമാറി പുത്തൻപുര II/484 | ബാർബർഷോപ്പ് |
| 8 | ഉലഹന്നാൻ, മംഗലത്ത്, II | പ്രൊവിഷൻ സ്റ്റോർ |
| 9 | സുകുമാരൻ, കയ്യാലപ്പുറത്ത്,II | ബാർബർഷോപ്പ് |
| 10 | വി.എസ് രാജൻ, വടക്കേവീട്ടിൽ,II | പ്രൊവിഷൻ സ്റ്റോർ |
| 11 | ഇ.ബി മൈതീൻ , ഇലവും തടത്തിൽ,II | ടീ ഷോപ്പ് |

| | | |
|---|---|---|
| 12 | സുബൈദ,<br>ഇടപ്പഴത്തിൽ,II | ടീ ഷോപ്പ് |
| 13 | ബാവ,തോപ്പിൽ,II | ഫർണ്ണിച്ചർ ഷോപ്പ് |
| 14 | അഖിൽ ശിവൻ,<br>പാലിയേത്ത്,II | അക്ഷയസെന്റർ |
| 15 | വേലായുധൻ,<br>മറ്റത്തിൽ,II | പ്രൊവിഷൻ സ്റ്റോർ |
| 16 | സുപ്രൻ,<br>മംഗലത്ത്,II | പ്രൊവിഷൻ സ്റ്റോർ |
| 17 | ജമാൽ ,<br>ഇടശ്ശേരിക്കുളങ്ങര,II | പ്രൊവിഷൻ സ്റ്റോർ |
| 18 | ജെമിൽ ജോൺ,<br>ഇടക്കുടിയിൽ,IX/153,154,155 | പ്രൊവിഷൻ ,<br>സ്റ്റേഷനറി |
| 19 | ജോണി ജോൺ,<br>ഇടക്കുടിയിൽ,<br>IX/151,152 | റബ്ബർ ട്രേഡിംഗ് |
| 20 | ജിബി.എബ്രഹാം,<br>മണ്ണത്തുകാരൻ,<br>IX/156 | ഇലക്ട്രിക്കൽ ഐറ്റംസ്<br>സെയിൽ |
| 21 | മനോജ് എൻ.,<br>നേര്യമംഗലത്ത്,IX/37 | ഇലക്ട്രിക്കൽ,<br>ഇലക്ട്രോണിക്സ് സെയിൽ,<br>സർവീസ് |
| 22 | ജിഷ്ണ അനിൽ,<br>കുട്ടത്തുപറമ്പിൽ ,IX/51,52,53 | ബേക്കറി |

2. ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ 2019-20 ൽ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2020-21 ലേക്കുള്ള ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര് / വാർഡ് നം/കെട്ടിടനം. | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | ടി.എം.മക്കാർ,<br>തോപ്പിൽ,I/81,82 | യൂസ്ഡ് വെഹിക്കിൾ<br>സെയിൽസ്ഷോപ്പ് |
| 2 | ഷീലവി.സി,<br>വാരപ്പിള്ളിൽ,IX/148 | ടീ ഷോപ്പ് |
| 3 | ദീപ ബിജു,<br>അറക്കൽ,II/548 | വെജിറ്റബിൾ ഷോപ്പ് |
| 4 | സുരേഷ്.വി.വി,<br>വലിയകല്ലിങ്കൽ,IV/478A | ഫ്രെഷ് ഫിഷ് സെയിൽസ് |
| 5 | സി.പി വർക്കി,<br>ചിരപ്പുറത്ത്,IV/4C | ബെഡ് സെന്റർ |
| 6 | സി.പി ജോയി,<br>ചിരപ്പുറത്ത്,III/574 | പ്രോവിഷൻ ഷോപ്പ്സ് |
| 7 | സി.പി പൌലോസ്,<br>ചിരപ്പുറത്ത് ,IV/1 | ടീ ഷോപ്പ് |
| 8 | മുഹമ്മദ്.സി.എസ്,<br>ചെളിക്കണ്ടത്തിൽ,II/420 | പെയിന്റ്,ലൂബ്രിക്കന്റ്<br>മാനുഫാക്ചറിംഗ് |
| 9 | പ്രോംപ്റ്റ് ഡിവൈസസ്,<br>X/376 | ഇലക്ട്രോണിക്സ് ഐറ്റംസ് വിൽപ്പന<br>നടത്തുന്നത് |

മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/20.7.2021) കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവു പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി 31.8.2021 വരെ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ ടി ഉത്തരവിനു വിധേയമായി എല്ലാ കടകളുടേയും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ആയതിനാൽ പ്രസ്തുത ഉത്തരവിനു വിധേയമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേൽ പരാമർശിച്ച സ്ഥാപനങ്ങളുൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളുടേയും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ദുരിതാശ്വാസനിധി പ്രവർത്തനരഹിതം

2003 ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൻ പ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ച് 04.03.2004 ൽ ഇതിനായി ഏനാനല്ലൂർ സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് (അക്കൗണ്ട് നം.3239). ഇത് സംബന്ധിച്ച ഫയലും രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കാത്തിനാൽ സബ്കമ്മിറ്റി രൂപീകരിച്ചതിന്റെയും പുനഃസംഘടിപ്പിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ച് ദുരിതാശ്വാസനിധി ധനം സ്വരൂപിക്കാവുന്നതാണ്. എന്നാൽ വർഷങ്ങളായി ഇതിൽ ഒരു രൂപ വരവോ ചെലവോ ഇല്ല ഇതുപ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ് തുക 138 /-രൂപയാണ്. ഇതിലേക്ക് പണം സ്വരൂപിക്കാതിരിക്കുന്നത് കാരണം ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന ചികിത്സ ധനസഹായത്തിന് തനത് ഫണ്ടിൽ നിന്നുമാണ് തുകകൾ അനുവദിക്കുന്നത്. ഉദാഹരണത്തിനായി വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയയായ രോഗി ചികിത്സ ധനസഹായം ലഭിക്കുന്നതിനായി 30.04.2020 ൽ അപേക്ഷ സമർപ്പിച്ചത് പ്രകാരം 27.05.2020 ലെ 22000147 വൗച്ചർ നമ്പർ പ്രകാരം 2500/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്.

പ്രകൃതിക്ഷോപം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കും നിർദ്ധനരായ വ്യക്തികൾക്കും അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കേണ്ടത് അത്യാവശ്യമായ കാര്യങ്ങൾ ആയതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര തീരുമാനം എടുക്കേണ്ടതാണ്.

## 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽകൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന വിവിധ ഇനങ്ങളിലായി കാലാവധി പൂർത്തീകരിച്ച ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | ഡെപ്പോസിറ്റ് കാലയളവ് | തുക |
|---|---|---|---|
| 1 | ഇലക്ഷൻ ഡെപ്പോസിറ്റ് | 2015-2016 | 32,500.00 |
| | | 2017-2018 | 1,000.00 |
| 2 | വാട്ടർ ഡെപ്പോസിറ്റ് | 2013-2014 | 19,000.00 |
| | | 2014-2015 | 2,000.00 |
| | | 2016-2017 | 5,000.00 |
| | | 2017-2018 | 9,000.00 |
| 3 | ഓക്ഷൻ ഡെപ്പോസിറ്റ് | 2012-2013 | 6,700.00 |
| | | 2013-2014 | 8,800.00 |
| 4 | സപ്ലയർ ഇ എം ഡി | 2015-2016 | 5,383.00 |
| | | 2016-2017 | 700.00 |
| | | 2017-2018 | 35,260.00 |
| 5 | സപ്ലയർ സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2014-2015 | 700.00 |
| | | 2016-2017 | 10,100.00 |
| | | 2017-2018 | 9,598.00 |
| 6 | ബിഡ്ഡേഴ്സ് ഇ എം ഡി | 2013-2014 | 11,600.00 |
| | | 2015-2016 | 8,833.00 |
| | | 2017-2018 | 6,750.00 |
| 7 | കോണ്ട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2012-2013 | 30,000.00 |
| | | 2016-2017 | 16,200.00 |
| ആകെ | | | 2,19,124.00 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/27.7.21) മറുപടിയായി 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ അടുത്ത പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി തനത് ഫണ്ടിലേക്കു മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് .

## 1-18 ആയുർവ്വേദ ഡിസ്പെൻസറി-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 79/2020-21 |
| അടങ്കൽ | 3,50,000/- |
| ചെലവ് | 3,50,000/- |
| ബിൽ നം. | 1/2020-21/03.02.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി, ആയവന |

മെഡിക്കൽ ഓഫീസർ, സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി, ആയവന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി ഔഷധി, തൃശ്ശൂരിന് 03.02.2021-ൽ 3,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 36,360/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 പേരമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പേരമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ - സെക്രട്ടറിയുടെ പേരിലുള്ള 1155937014150 കൺസ്യൂമർ നമ്പറിലുള്ള ഇലക്ട്രിസിറ്റി കണക്ഷന് അസിസ്റ്റന്റ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, കല്ലൂർക്കാട് ഓഫീസറുടെ 11.09.2020 തീയതിലെ DEMAND NOTICE/40/20-21/11.09.2020 നമ്പർ കത്ത് പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ പെനാൽറ്റി തുകയായി 64,661/- രൂപ അടവാക്കാൻ ആവശ്യപ്പെട്ടിരുന്നു. 04.08.2020 ൽ കെ.എസ്.ഇ.ബി നടത്തിയ ഇൻസ്പെക്ഷനിലാണ് നിലവിൽ ഉണ്ടായിരുന്ന LT-5A താരിഫ് ദുരുപയോഗം ചെയ്ത് LT-1A താരിഫ് ഉപയോഗിച്ചു എന്ന് കണ്ടെത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രസ്തുത ഡിമാന്റ് നോട്ടീസ് പ്രകാരം 16.09.2020 ലെ 22000444 നമ്പർ വൗച്ചർ പ്രകാരം 64,661/- രൂപ കെ.എസ്.ഇ.ബി-യിൽ അടവാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ അധിക തുക അടവാക്കാൻ ഉണ്ടായ കാരണം വിശദമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് പേരമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്താണോ സ്ഥിതി ചെയ്യുന്നത്, ശ്രീ.ജോയി ജോസഫ് കൺവീനറായി 22.03.2012 ൽ പണി പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടോ, നിലവിൽ ഈ പദ്ധതി പ്രകാരം ഏത് ആവശ്യത്തിനാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് എന്ന ചോദ്യങ്ങൾ ഉൾപ്പെട്ട 29.07.2021 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് 29.07.2021 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ജലസേചന ആവശ്യത്തിന് തുടങ്ങിയതാണെന്നും എന്നാൽ കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ കെ.എസ്.ഇ.ബി കണക്ഷൻ വിച്ഛേദിക്കുകയും താരിഫ് മാറ്റുവാൻ ആവശ്യപ്പെടുകയും ചെയ്തു എന്നും നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഗുണഭോക്തൃസമിതിയാണ് അടയ്ക്കുന്നതെന്നും ഈ പദ്ധതി ഇല്ലാതായാൽ വേറൊരു മാർഗ്ഗം കുടിവെള്ളത്തിന് ഇല്ലാത്തതിനാൽ തുക അടവാക്കാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ലഭ്യമാക്കിയ ഫയലിൽ നിന്നും ശ്രീ. ജോയി ജോസഫ് കൺവീനറായ ഗുണഭോക്തൃ സമിതി 22.03.2012 ൽ പ്രസ്തുത പദ്ധതിയുടെ പണി പൂർത്തീകരിച്ചിട്ടുള്ളതിന്റെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടോ എന്നും ഗുണഭോക്തൃ സമിതിയുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകൾ ഉണ്ടാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ മറുപടി പ്രകാരം നിലവിൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രിസിറ്റി ചാർജ്ജ് ഗുണഭോക്തൃസമിതിയാണ് അടയ്ക്കുന്നതെന്ന് പറഞ്ഞിട്ടുള്ളതിനാൽ കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള പെനാൽറ്റി തുകയായ 64,661/- രൂപയും ഗുണഭോക്തൃസമിതി തന്നെയാണ് അടവാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി യിൽ അടവാക്കിയ പ്രസ്തുത തുക ഗുണഭോക്തൃസമിതിയിൽ നിന്ന്

ഈടാക്കുന്നതിനും നിലവിൽ ഗുണഭോക്തൃസമിതിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലങ്കിൽ പുതിയ കരാറിൽ ഏർപ്പെടുന്നതിനും നപടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 മുൻകൂർ ഇനത്തിൽ നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ പെൻസിൽ ക്യാംപ് എക്സ്പൻസ് എന്ന ഇനത്തിൽ 21900245/11.7.19 നമ്പർ വൗച്ചർ പ്രകാരം 4315/-രൂപ സി.ഡി.എസ്.ന നൽകിയിട്ടുണ്ട്. തുക 2020-21വർഷത്തെ ബാലൻസ് ഷീറ്റിൽ 460500306 എന്ന ഹെഡിൽ Advance To CDS ആയി കാണിച്ചിട്ടുണ്ട്. KILAയിൽ നിന്നും തിരികെ ലഭിക്കേണ്ട തുകയാണിതെന്നും ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 5/27.7.21നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

വൗച്ചർ നമ്പർ 22000195/12.6.20 പ്രകാരം സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ നിന്നും അപകടകരമായ മരം പഞ്ചായത്ത് ചെലവിൽ മുറിച്ചു മാറ്റിയതിന് 1500/- രൂപ ചെലവായതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുക 2020-21 വർഷത്തെ ബാലൻസ് ഷീറ്റിൽ 460100199എന്ന ഹെഡിൽ Other Advances ആയി കാണിച്ചിട്ടുണ്ട്. ചെലവ് സ്വകാര്യ വ്യക്തിയിൽ നിന്നും ഈടാക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണെന്ന് മേൽ നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

Advance Payment Of Royalty എന്ന ഇനത്തിൽ 460500103 എന്ന ഹെഡിൽ ബാലൻസ് ഷീറ്റിൽ 3350/- രൂപ കാണിച്ചിട്ടുണ്ട്. മണൽ പാസ് ലഭിക്കുന്നതിന് റോയൽറ്റി ഇനത്തിൽ അടച്ച തുകയാണിതെന്നും 2016-17 വർഷം മുതൽ മണൽ പാസ് ഇല്ലാത്തതിനാൽ അധികം അടച്ച തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും മേൽ നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

മേൽ പരാമർശിച്ച തുകകൾ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവനപദ്ധതി-ഭവന നിർമാണം ആരംഭിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്റ്റ് നമ്പർ-195/2020-21(സ്പിൽ ഓവർ) ൽ ഉൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലെ 18 ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങിയതിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകി.ടി വ്യക്തികളിൽ ചുവടെ ചേർക്കുന്നവർ നാളിതു വരെയായും നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ വെച്ച് പ്രസ്തുത ഭൂമിയിൽ ഭവനനിർമാണം ആരംഭിച്ചിട്ടില്ല.

1.കുഞ്ഞുമൈതീൻ, പാതാരിയിൽ

2.കൊച്ചുത്രേസ്യ സേവ്യർ, തെരുവയിൽ

3.ലൂസി അനിൽ, ഉരുത്തേൽ

4.ബാലു എസ്., കുന്നേൽ

5.ജോസ് പി.ഡി., മുളവയലിൽ

6.ബ്രിജിത്ത് മത്തായി, കോട്ടപ്പുറത്ത്

7.ഐഷ ബഷീർ, പാറപ്പുറത്ത്

8.സഫിയ കെ.എം., വാണിയക്കാട്ട്

9സുഹ്റ അബ്ദുൾ ഖാദർ, തോട്ടത്തിക്കുടി

10.പാത്തുക്കുട്ടി ബാവ, താഴത്ത്മാരി പുത്തൻപുര

11.സീനത്ത്, പഴയമ്പലത്ത്

12.ശ്രീലത സന്തോഷ്, കുന്നേൽപ്പറമ്പിൽ

13.റോസിലി ഔസേഫ്, കോട്ടപ്പുറത്ത്

14.ബിജി ബിനോയ്, ഊരക്കാട്ടിൽ

15.മേരി ഡൊമിനിക്ക്, ചരമേൽ

കരാർ വെപ്പിച്ച് ഭവനനിർമാണം ആരംഭിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-22 കന്നുകുട്ടി പരിപാലനം-പ്രൊജക്റ്റ് നിർവ്വഹണം ഊർജിതപ്പെടുത്തേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 12/2021 |
| പ്രൊജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 3,00,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | 3,00,000/- |
| ട്രഷറി ബിൽ നമ്പരും തുകയും | KDS 12/20-21/29.03.21 |

പ്രൊജക്റ്റ് പ്രകാരം 24 ഗുണഭോക്താക്കളുടെ 6 മാസം വീതം പ്രായമുള്ള കന്നുകുട്ടികളെ തെരഞ്ഞെടുത്ത് ഒരു കന്നുകുട്ടിക്ക് 12,500/-/-രൂപ വീതം ആകെ 24 കന്നുകുട്ടികൾക്കായി 3,00,000/- രൂപ ആലുവ ഐ.സി.ഡി.പി. പ്രൊജക്റ്റ് ഓഫീസറുടെ എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് മേൽപ്പറഞ്ഞ പ്രകാരം നൽകി. മൃഗ സംരക്ഷണ വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ തദ്ദേശ സ്ഥാപന വിഹിതവും, സംസ്ഥാന വിഹിതം ലഭിക്കാത്തതിനാൽ ആയതും ചേർത്താണ് ഓരോ കന്നുകുട്ടിക്കുമുള്ള തുക 2020-21 വർഷം അടവാക്കിയത് (6250+6250=12500). ഗുണഭോക്തൃവിഹിതം 12500/-രൂപയാണ്. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനാണ് തുക നൽകിയത്. വ്യക്തിഗത നാൾവഴി, ഫയൽ എന്നിവ പരിശോധിച്ചതിൽ നിലവിൽ പദ്ധതി ആരംഭിച്ച് കാലിത്തീറ്റ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. 28.4.21 ൽ കന്നുകുട്ടികൾക്ക് ഇൻഷ്വറൻസ് എടുത്തതിന്റെ വിവരം മാത്രമേ നാൾവഴിയിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. എത്രയും വേഗം പദ്ധതി ആരംഭിച്ച് കാലിത്തീറ്റ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ജനകീയ ഭവനപദ്ധതി -ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ഉപയോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആയവന ശാഖയിൽ നിലവിലുള്ള ജനകീയ ഭവനപദ്ധതി അക്കൗണ്ടിൽ(അക്കൗണ്ട് നമ്പർ-57021302392) 31.3.2021 ൽ 3,58,131/- രൂപ നീക്കിയിരിപ്പ് ഉണ്ട്. പാസ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം 12.01.2006 ലാണ് അവസാനമായി ഈ അക്കൗണ്ടിൽ പണമിടപാട് നടന്നിട്ടുള്ളത്. പിന്നീട് പലിശ മാത്രമേ അക്കൗണ്ടിൽ വരവു വന്നിട്ടുള്ളൂ. 15 വർഷത്തിലേറെയായി പണമിടപാട് ഒന്നുമില്ലാതെ നിഷ്ക്രിയമായി നിലനിൽക്കുന്ന ഈ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക, തുക മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിച്ചതാണെങ്കിൽ അവിടേക്ക് തിരികെ നൽകേണ്ടതാണ്. തനതുഫണ്ടിൽ നിന്നുമുള്ള തുകയാണെങ്കിൽ നീക്കിയിരിപ്പ് ലൈഫ് ഭവനപദ്ധതിയിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ അനന്തര നടപടി സ്വീകരിക്കാവുന്നതാണ്.

## 1-24 ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിന് പകരം തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് ബുക്ക് പ്രകാരം Buds BRC Assistance എന്ന ഇനത്തിൽ കുടുംബശ്രീയിൽ നിന്നും 12,50,000 രൂപ 27.10.2018 ൽ വരവു വന്നിട്ടുണ്ട്. പ്രോജക്റ്റ് നമ്പർ 190 ആയി 2020-21 -ൽ ബഡ്സ് സെന്ററിന് സൗകര്യം വർദ്ധിപ്പിക്കൽ എന്ന ഇനത്തിൽ ആകെ 541368 രൂപയാണ് ചെലവാക്കിയിരിക്കുന്നത്. ബാക്കി തുക ട്രഷറി സ്പെഷ്യൽ ടിഎസ്ബി അക്കൌണ്ടിൽ 31.3.2021 – ൽ ബാങ്ക് ബുക്കിൽ നീക്കിയിരിപ്പായുണ്ട്. ബഡ്സ് സ്കൂളിനുവേണ്ടി 2019-20 – ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി ചെക്ക് നമ്പർ 5777561/31.3.2020 പ്രകാരം 118093 രൂപയും ചെക്ക് നമ്പർ 8649 പ്രകാരം 5,58,655 രൂപയും ഉൾപ്പെടെ ആകെ 6,76,748രൂപയും, 2020-21 - ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 5,41,368 രൂപയും ഉൾപ്പെടെ ആകെ 12,18,116 രൂപ ഈയിനത്തിൽ ചെലവഴിച്ചതായും ബാക്കി 31,884 രൂപ ഉള്ളതായും ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് പഞ്ചായത്ത് അധികൃതർ മറുപടി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ച തുക സുലേഖ അക്കൌണ്ട്സിൽ സംസ്ഥാനാവിഷ്കൃതപദ്ധതിയായിട്ടാണ് ചേർത്തിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക തനത് ഫണ്ടിൽനിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. തനത് ഫണ്ടിൽ

നിന്നും ചെലവഴിച്ച തുക സ്റ്റേറ്റ് ഫണ്ടിൽ നിന്നും തിരികെ തനത് ഫണ്ടിൽ അടവാക്കി കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

1-25 കാലിവീപ്പയുടെ വില ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 2020-21 ൽ പദ്ധതിപണം ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ ടാറിംഗ് പ്രവർത്തികളുടെ ബില്ലിൽ നിന്നും ആകെ 16184/-രൂപ കുറവ് ചെയ്തിട്ടുണ്ട്. ഈ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ബിറ്റുമിൽ വാങ്ങുന്നതിന് വിനിയോഗിച്ച ഫണ്ടിലേക്ക് തന്നെ തിരികെ അടക്കേണ്ടതാണ്.

1-26 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ-55/2021

തകിടിപ്പുറം കോളനി റോഡ് മെയിന്റനൻസ്

കരാറുകാരൻ - ശ്രീ.മുസ്തഫ കെ.എം.

അടങ്കൽ 566622/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

പി.എ.സി-505912/- ബിൽ നമ്പർ- 42/20-21 /12.1.21, 447072/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടുള്ളത് 14.7.2020 ൽ ആണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ പി.എ.സിയുടെ 1% പിഴയോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടുള്ളത് കാലയളവ് കഴിഞ്ഞ് 9.9.2020ൽ ആണ്. (എഗ്രിമെന്റ് നമ്പർ 33/AE/20-21) ഇപ്രകാരം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് പി.എ.സിയുടെ 1% ഫൈൻ ഈടാക്കുന്നതിന് പകരം ആകെ പ്രവർത്തി മൂല്യത്തിന്റെ 1% തുകയാണ് ഫൈനായി ഈടാക്കിയത്. ആകെ ഈടാക്കേണ്ട ഫൈൻ 5059/- (1% X 505912), ഈടാക്കിയ തുക 3992/- രൂപ. ഈയിനത്തിൽ കുറവ് വന്ന 1067/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എൻക്വയറി (6/27.7.21) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-27 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ സ്ഥിരനിക്ഷേപമാക്കി

2020-21സാമ്പത്തിക വർഷം ജൂൺ മാസത്തിൽ പഞ്ചായത്ത് ഏനാനെല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ 4 അക്കൗണ്ടുകളിലായി 70,00,000/-രൂപ സ്ഥിര നിക്ഷേപമായി ഇട്ടു. ഏനാനെല്ലൂർ സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിലെ 31.5.2020 ലെ നീക്കിയിരിപ്പ് തുകയായ 83,09,864/-രൂപയിൽ നിന്നും ആണ് 70,00,000/-രൂപ പിൻവലിച്ച് സ്ഥിര നിക്ഷേപമാക്കിയത്. മേൽ നീക്കിയിരിപ്പ് തുകയിൽ 22,53,831/- രൂപ വിവിധ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി പഞ്ചായത്തിന് ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന തുകയാണ്. രണ്ട് അക്കൗണ്ടുകളിലെ 20,00,000/-രൂപയുടെ സ്ഥിരനിക്ഷേപം പഞ്ചായത്ത് 2020 നവംബർ, ഡിസംബർ മാസങ്ങളിലായി പിൻവലിച്ച് കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതി ചെലവുകൾക്കായി ഉപയോഗപ്പെടുത്തി. 2021 ജൂൺ മാസം 25,00,000/- രൂപയുടെ സ്ഥിര നിക്ഷേപം കൂടി പിൻവലിച്ചു. നിലവിൽ 25,00,000/- രൂപയുടെ സ്ഥിര നിക്ഷേപം ബാക്കിയുണ്ട്.

വിവിധോദ്ദേശ്യ പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന തുക പിൻവലിച്ച് സ്ഥിരനിക്ഷേപമാക്കി പലിശ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വിവിധോദ്ദേശ്യ ഫണ്ടുകൾ അതാതു കാര്യങ്ങൾക്കായി വിനിയോഗിക്കാനുള്ളതാണ്. ചെലവ് ചെയ്യാനാവാത്ത പക്ഷം ഈ തുകകൾ തിരികെ അടവാക്കുകയാണ് വേണ്ടത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011,ചട്ടം 62(2)ഇ,എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റു വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാനവൽ പ്രകാരം നിബന്ധന ചെയ്ത അടിസ്ഥാന അനുപാതങ്ങൾ (Key Ratios) ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

2.ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21കാലയളവിലെ Net Increase/(Decrease) In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് (92,53,568)രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ Net Cash Generated By Operating+Investing+ Financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് (45,73,787) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡാർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടുത്തേണ്ടതാണെങ്കിലും ഹാജരാക്കിയ സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3. AFS ലെ B-15ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non-Residential Building (Arrear), Receivables For Property Tax On Residential Building (Arrear)എന്നീ ഇനങ്ങളിൽ യഥാർത്ഥത്തിൽ ഉള്ള കുടിശികയാണോ രേഖപ്പെടുത്തിയിരിക്കുന്നത് എന്നു പരിശോധിക്കാൻ സാധിച്ചിട്ടില്ല.മുൻ വർഷങ്ങളിൽ ലഭിച്ച Advance Tax സഞ്ചയയിൽ നിന്നുമുള്ളത് 2020-21 ൽ ക്രമീകരിച്ചതിന്റെ കൃത്യമായ കണക്ക് ലഭ്യമാകാത്തതിനാലാണിത്.

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 3600000 | ലൈഫ് ഭവന പദ്ധതി | 3600000 | 00 |
| | 2020-21 | 91375 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 91375 | 00 |
| | 2020-21 | 315100 | ശാരീരിക മാനസിക വെല്ലുവിളി | 315100 | 00 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | | |
| | 2020-21 | 74000 | ക്ഷീരകർഷ കർക്ക് പാലിന് സബ്സിഡി | 74000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 408701 | ബഡ്സ് സ്കൂൾ മെയിന്റനൻസ് | 408701 | 00 |
| | 2020-21 | 305350 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 305350 | 00 |
| | 2020-21 | 200000 | ക്ഷീരകർ ഷകർക്ക് പാലിന് സബ്സിഡി | 200000 | 00 |
| | 2020-21 | 34400 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 34400 | 00 |
| | 2020-21 | 50000 | പച്ചക്കറി കൃഷി വികസനം | 50000 | 00 |
| | 2020-21 | 106640 | NSS മന്ദിരം മാലിക്കുന്നേൽ താഴം റോഡ് വാർഡ് 13 | 106640 | 00 |
| | 2020-21 | 100000 | NSS മന്ദിരം മാലിക്കുന്നേൽ താഴം റോഡ് വാർഡ് 12 | 100000 | 00 |
| | 2020-21 | 560000 | അംഗനവാടി നിർമ്മാണം | 560000 | 00 |
| | 2020-21 | 150000 | കുടിവെള്ള പദ്ധതി | 150000 | 00 |
| | 2020-21 | 106400 | മത്സ്യകൃഷി | 00 | 106400 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കപ്പെടാതെ 392419/- രൂപ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന 1193210/- ചെലവഴിക്കാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

ജില്ലാ പഞ്ചായത്തിൽ നിന്നും 50000/- രൂപ കോവിഡ് പ്രവർത്തനങ്ങൾക്കായും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇലക്ഷന് വേണ്ടി ലഭിച്ച 12000/- രൂപയും തൻവർഷം ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ് .ഇ.ബി | 23/21 ചേരികച്ചാൽ - ചാൽ റോഡ് | 165/ 10.11.20 | 49148 | 00 | 49148 |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിക് ലൈൻ വലിക്കൽ | | | | |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ ചാത്തനോ ടിപ്പീടിക ആലുങ്കപ്പാടം | 166/ 10.11.20 | 195915 | 00 | 195915 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ കാവക്കാട് വെട്ടംകവല ചേരിങ്കചാൽ റോഡ് | 2/ 11.4.20 | 199992 | 199992 | 00 |
| | ആറാം വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000354/ 11.4.20 | 6900/- | 6900 | 00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ.എം. എസ് 2278/ തസ്വഭവ 18.8.2018 | 460000 | 3982708 | 658235 | | 3784473 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 00 |
| തൻവർഷം നിക്ഷേപിച്ച തുക | 70,00,000/- |
| ആകെ | 70,00,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 20,00,000/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,00,000/- |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എനാനെല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 25,00,000/- | 12032/20 |
| എനാനെല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 25,00,000/- | 12033/20 |
| ആകെ | 50,00,000/- | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2009-10 | 3-5 | 9575 | സജീവ് സ്റ്റീഫൻ കിഴക്കുംതല മുട്ടപുഴച്ചാൽ | 1200501 00508/ 7.7.2020 | 180400 101 |

.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളൊന്നും ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,49,27,850/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,41,81,418/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല.

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | - | എൽ.എഫ്.ഇ(പി3)112/98 തീ. 16.04.98 |
| 1997-98 | 3-8 | എൽ.എഫ്.ഇ.(പി5)1028/02 തീ. 14.02.02 |
| 1998-99 | 13, 19, 21 | എൽ.എഫ്.ഇ.(പി5)848/03 തീ. 31.03.04 |
| 1999-00, 2000-01 | 2-1 മുതൽ 2-10 വരെ | എൽ.എഫ്.ഇ.(പി5)342/06 തീ. 09.11.06 |
| 1997-98 | - | എൽ.എഫ്.ഇ.(പി5)1978/07 തീ.30.09.08 |

| | | |
|---|---|---|
| 1998-99 | 13, 19 | എൽ.എഫ്.ഇ.(പി5)1979/07 തീ. 30.09.08 |
| 1999-00 | 2-1 | എൽ.എഫ്.ഇ(പി5)1980/07 തീ. 30.09.08 |
| 2000-01 | 2-1 | എൽ.എഫ്.ഇ(പി5)1981/07 തീ. 30.09.08 |
| 2001-02 | 2-1, 3-1 മുതൽ 3-8 വരെ | എൽ.എഫ്.ഇ(പി5)1982/07 തീ. 30.09.08 |
| 2002-03 | - | എൽ.എഫ്.ഇ(പി5)811/10 തീ. 27.10.11 |
| 2003-04 | 3-1 മുതൽ 3-9 വരെ | എൽ.എഫ്.ഇ(പി5)812/10 തീ. 27.10.11 |
| 2004-05 | 3-1,3-3 | കെ.എസ്.എ.ഇ.കെ.എം പി8/190/21/30.3.21 |
| 2005-06 | 3-7 | കെ.എസ്.എ.ഇ.കെ.എം പി8/190/21/30.3.21 |
| 2006-07 | 2-1,3-4,3-5(2),(3),3-6(1,3,5,6,7, 8, 10), 3-7 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2008-09 | 3-2(ബി,സി)3-3, 3-4(1,5) | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2009-10 | 2-5(1), 3-1,3-3, 3-4,3-5 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2010-11, 2011-12 | 2-2,3-1,3-2,3-3, 3-4(1,2), 3-10, 3-12 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2012-13 | 3-2, 3-4, | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 13-14, 14-15 | 2-1,3-1,3-4,3-5, 3-10,3-11 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 15-16 | 2-1, 2-3(1), 3-3,3-4, 3-5,3-6, 3-8, 3-9,3-10 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 16-17 | 2-2,2-3,2-4,2-5, 2-6,2-8 | കെ.എസ്.എ.ഇ.കെ.എം പി.ജി/1071/20/6.2.21 |
| 17-18 | 2-1, 3-2,3-3,3-4, 3-5,3-6 | കെ.എസ്.എ.ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2018-19 | 1-13,1-14,1-16,1-17, 1-18,1-19,1-20, 1-21, 1-24, 1-25, 1-26,1-28,1-29,3-1, 4-1,4-10 | കെ.എസ്.എ.ഇ.കെ.എം പി8/250/20/17.6.20 |
| 2019-20 | റിപ്പോർട്ട് പൂർണ്ണമായും | കെ.എസ്.എ.-ഇ.കെ.എം.(പി8)986/21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്